നടത്തുന്നതിനാൽ അതിന്റെകൂടി പ്രവർത്തനം പൂർത്തിയായി ആ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ ജനസംഖ്യകൂടി കണക്കിലെടുത്തു പുനഃസംഘടന നടത്താമെന്നാണോ പറയുന്നത് അതോ, ജനസംഖ്യമാത്രമല്ല ഭൂമിശാസ്ത്രപരമായ കാര്യങ്ങളുംകൂടി കണക്കിലെടുത്ത് നേരത്തെ പറഞ്ഞ കാലഘട്ടത്തിനു മുമ്പോ പിമ്പോ പുനഃസംഘടന നടത്താമെന്നാണോ പറയുന്നത്?

ശ്രീ. ബേബിജോൺ: ജനസംഖ്യമാത്രം ക്രൈട്ടീരിയ ആയി സ്വീകരിക്കുകയില്ല. ഭൂമിശാസ്ത്രപരമായ കാര്യങ്ങളും അതുപോലുള്ള മറ്റു കാര്യങ്ങളും ആലോചിച്ചാണ് തീരുമാനിക്കുന്നത്.

ശ്രീ. പി. ബി. ആർ. പിള്ള: കഴിഞ്ഞ എട്ടു വർഷമായി വില്ലേജ് താലൂക്കു പുനഃസംഘടന ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്ന് ആവർത്തിച്ചാവർത്തിച്ച് ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. ഇനിയും എത്രകാലം ഇങ്ങനെ മുന്നോട്ടു പോകും. അതിന്റെ അർത്ഥം ഇതുണ്ടാകുകയില്ലെന്നാണോ?

ശ്രീ. ബേബിജോൺ: കഴിഞ്ഞ എട്ടു കൊല്ലമായി ഗവൺമെന്റ് ഇങ്ങനെ പുനഃസംഘടന ആവശ്യമാണെന്ന് അംഗീകരിച്ചിട്ടുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ഓർമ്മപ്പിശകാണ്. കഴിഞ്ഞകാലങ്ങളിലെല്ലാം ഗവൺമെന്റ് പറഞ്ഞത് അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുന്നു, സാമ്പത്തിക പരാധീനത ഉണ്ട് എന്നൊക്കെ ആയിരുന്നെങ്കിൽ കഴിഞ്ഞ നിയമസഭയിലും ഈ നിയമസഭയിലും പറഞ്ഞത് ആവശ്യമാണെന്ന് ഗവൺമെന്റിനു ബോദ്ധ്യമായി, അങ്ങനെ തീരുമാനിച്ചിട്ടുണ്ട്, ഇപ്പോഴത്തെ പ്രതിബന്ധം ഇതാണെന്നാണ്.

വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് പുനഃസംവിധാനത്തെക്കുറിച്ചുള്ള റിപ്പോർട്ട്

*143 [153] ശ്രീ. പി. ആർ. ശിവൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായ്:

,, എൻ. വാസുദേവൻ പിള്ള:

,, പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് പുനഃസംവിധാനം ചെയ്യുന്നതിനെക്കുറിച്ച് സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുമോ;

(ബി) അതിലെ ശുപാർശകളെ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുടെ പരാതികൾ പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) കൂടുതൽ വില്ലേജ് ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ട ആവശ്യമുണ്ടോയെന്ന് തീരുമാനിക്കുന്നതിന് അവരുടെ അദ്ധ്യാനഭാരത്തെ സംബന്ധിച്ച് ഒരു പഠനം നടത്താൻ റവന്യൂബോർഡ് സെക്രട്ടറിയോടു

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ചതനുസരിച്ച് അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടു ഗവൺമെൻറിന്റെ സജീവപരിഗണനയിലിരിക്കുകയാണ്. ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(ബി) സംഘടനകളുടെ പരാതികളും പരിഗണിക്കുന്നതാണ്. അതിന് പ്രത്യേക സംവിധാനമൊന്നും വേണമെന്നു തോന്നുന്നില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: വില്ലേജാഫീസറൻമാരുടെ ജോലിഭാരം വർദ്ധിച്ചിട്ടുണ്ടെന്ന് മന്ത്രി തന്നെ സമ്മതിച്ചിട്ടുണ്ട്. അതിൻമേൽ ഒരു തീരുമാനമുണ്ടാകാത്തതിന്റെ പേരിൽ അവർ 'വർക് ടു റൂൾ' നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പേരിൽ വിദ്യാർത്ഥികൾക്ക് ഇൻകം സർട്ടിഫിക്കറ്റും മറ്റു സർട്ടിഫിക്കറ്റുകളും കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടും അന്വേഷണം നടത്തുന്നു, അതു പരസ്യപ്പെടുത്താൻ സമയമെടുക്കും എന്നൊക്കെയാണ് പറയുന്നത്. പൊതുജനങ്ങളാണ് ഇതിന്റെ പേരിൽ കഷ്ടപ്പെടുന്നത്. അതുകൊണ്ട് അടിയന്തിരമായി സ്റ്റാഫിനെ അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വില്ലേജ് സ്റ്റാഫിനെ മാത്രം ബാധിക്കുന്ന കാര്യമല്ല. റവന്യൂ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർ ഒട്ടാകെ 'വർക് ടു റൂൾ' എന്ന സമരപരിപാടി ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വില്ലേജ് സ്റ്റാഫിനെ മാത്രം ഉദ്ദേശിച്ചാണ്.

സർ, ബഹുമാനപ്പെട്ട മെമ്പർ ഇതു സൂചിപ്പിച്ചതുകൊണ്ട് മറുപടി പറയാൻ എന്നെ അങ്ങ് അനുവദിക്കണം. ഭൂപരിഷ്കരണനിയമം വളരെ വേഗം നടപ്പാക്കണമെന്നു ഈ ഗവൺമെൻറിനും ഈ സഭയ്ക്കും ഈ നാട്ടിലെ ജനങ്ങൾക്കും ആഗ്രഹം ഉണ്ടായിരുന്നതുകൊണ്ട് വളരെയേറെ ജീവനക്കാരെ അതിലേയ്ക്കു അബ്സോർബ് ചെയ്യാൻ പ്രമോഷനുമൊക്കെ കൊടുത്ത് അതിനാവശ്യമായ സംവിധാനം ഉണ്ടാക്കേണ്ടി വന്നു. അവരുടെ ജോലി കുറഞ്ഞു വരുന്നു. പൂർണ്ണമായി നിന്നു എന്നു പറയുന്നില്ല; ജോലി കുറഞ്ഞു വരുന്ന മുറയ്ക്ക് അവരെ മറ്റു സ്ഥലങ്ങളിലേയ്ക്ക് നിയോഗിക്കേണ്ടതായിട്ടുണ്ട്. അതൊന്നും പാടില്ല, ഇനിയും പ്രമോഷൻ നടത്തിക്കൊണ്ടിരിക്കണം ജോലിയെ സംബന്ധിച്ച് യാതൊരു ധാരണയുമില്ലാതെ എന്നു നിർബന്ധം പിടിക്കുന്നതു ശരിയായിരിക്കുകയില്ല. ഗവൺമെൻറ് വളരെ ഔദാര്യപൂർവമാണു അവരുടെ പ്രശ്നം കൈകാര്യം ചെയ്യുന്നത്. ജോലി കുറഞ്ഞു വന്നിട്ടുണ്ടെങ്കിലും അവരെ റിവർട്ട് ചെയ്യരുത്, സാധാരണ സൂപ്പർന്യൂമററി ആയി നിറുത്തുമ്പോൾ താഴോട്ടുള്ള പടിയിൽ നിറുത്തിയാണ് ചെയ്യുന്നത്. ഇത് ഏത് പോസ്റ്റിൽ നിൽക്കുന്നോ ആ പോസ്റ്റ് ഹോൾഡ് ചെയ്തുകൊണ്ട് സൂപ്പർന്യൂമററിയായി നിറുത്താൻ ക്യാബിനറ്റ് തീരുമാനമെടുത്തിട്ടുണ്ട്. അവിടെ നിറുത്താൻ സാധിക്കാത്ത ആളുകളെ സംബന്ധിച്ചിടത്തോളം പിരിച്ചു വിടുകയല്ല; മറിച്ച്, മറ്റു ഡിപ്പാർട്ടുമെൻറുകളിലേയ്ക്ക് ആവശ്യമുണ്ടോയെന്ന് പരിശോധിച്ച് മറ്റു ഡിപ്പാർട്ടുമെൻറുകളിലും എടുത്തുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് ഞാനും പറഞ്ഞതാണ്.

വില്ലേജ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം വില്ലേജ് പുനർവിഭജനം ആവശ്യമുണ്ടെന്നു അഭിപ്രായം ഗവൺമെൻറിനുണ്ട്. അതുപോലെതന്നെ വില്ലേജ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അദ്ധ്വാനഭാരം

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കാൻ എന്തെല്ലാം കുറയ്ക്കാം എന്നുള്ളതിനെ സംബന്ധിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: ഇവരെയെല്ലാം വിളിച്ച് ഒരു അനുരജ്ഞനസംഭാഷണം നടത്തി പ്രശ്നം തീർത്ത് പൊതുജനങ്ങളെ സഹായിക്കുമോ എന്നാണ് ചോദ്യം ?

ശ്രീ. ബേബിജോൺ: പൊതുജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ആവശ്യത്തിന്റെ ന്യായാന്യായത പരിശോധിക്കാതെ അംഗീകരിക്കുക എന്നു പറയുന്നതു ഒരു ഭരണകൂടത്തിനും യോജിച്ചതല്ല. അവരുമായി ചർച്ച ചെയ്തിട്ടുണ്ട്, ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു, ഇനിയും ചർച്ചചെയ്യാൻ തയ്യാറാണ്. അവരെ ബോദ്ധ്യപ്പെടുത്താനും ന്യായമായി പ്രശ്നത്തിനു പരിഹാരം കാണാനും തയ്യാറാണ്.

ശ്രീ. എൻ. വാസുദേവൻ പിള്ള: പുനഃസംവിധാനത്തിനു കാലതാമസമുണ്ടാകുമെന്നു പറയുന്നു. വില്ലേജ് സ്റ്റാഫിന്റെ പല ആവശ്യങ്ങളും പല തവണ ഉന്നയിച്ചിട്ടും ന്യായമായ പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് മനസിലായി. ഈ സന്ദർഭത്തിൽ മറ്റു റിപ്പോർട്ടുകളോ സംവിധാനമോ ആവശ്യമില്ലെന്ന് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് ന്യായമാണെന്നു ഗവൺമെന്റിനു തോന്നുന്ന കാര്യങ്ങളെങ്കിലും അടിയന്തിരമായി നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: വില്ലേജ് ജീവനക്കാരുടെ ആവശ്യങ്ങൾ പല സന്ദർഭങ്ങളിലും ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്, പലപ്പോഴും തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഒരു പ്രത്യേക കേഡർ വേണമെന്ന് പറഞ്ഞു വില്ലേജ് ജീവനക്കാർക്ക്. ഗവൺമെന്റ് അത് അംഗീകരിച്ചിട്ടുണ്ട്. പ്രത്യേകമായ അലവൻസും വേണമെന്നു പറഞ്ഞു. അതും അംഗീകരിച്ചു നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾതന്നെയും ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടിൽ വില്ലേജ് ജീവനക്കാരുടെ വേതനത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളുണ്ട്. നിർദ്ദേശങ്ങളെന്നു പറഞ്ഞത് റവന്യൂ ഡിപ്പാർട്ടുമെന്റുമായി ആകലീകരിച്ചുകൊണ്ട് റവന്യൂ ഡിപ്പാർട്ടുമെന്റിൽ വരുന്ന പ്രമോഷൻ മുഴുവൻ ഇവർക്കുകൂടി ബാധകമാക്കത്തക്ക രീതിയിലാണ്; എന്നിട്ട് ശമ്പളവർദ്ധനവു വേണമെന്നാണ്. ഈ കാര്യത്തിൽ ജീവനക്കാർ തമ്മിൽ തർക്കങ്ങളുണ്ട്. ആ തർക്കങ്ങൾ എങ്ങനെ പരിഹരിക്കാമെന്ന്. ആ തർക്കങ്ങൾ നിലനിൽക്കേതന്നെ ഇവരുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം എന്നുള്ളതിനെ സംബന്ധിച്ചും ആ ആലോചന ഒരു അവസാനരൂപത്തിൽ എത്തിയിരിക്കുകയാണ്. ഗവൺമെന്റു തീരുമാനം ആയിട്ടില്ലെന്നേ ഉള്ളൂ.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് പുനഃസംവിധാനം ചെയ്യുന്നതിനുള്ള കുഞ്ഞിക്കോയ കമ്മീഷൻ റിപ്പോർട്ട് എന്നാണു കിട്ടിയത്, അതിലെ ശുപാർശകൾ എന്തെല്ലാം, അതിൻമേൽ എന്തു നടപടി എടുത്തു?

ശ്രീ. ബേബിജോൺ: ശുപാർശ എന്താണെന്ന് ഇപ്പോൾ പറയാൻ ബുദ്ധിമുട്ടുണ്ട്. ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് തീരുമാനം എടുക്കുന്നതിനുമുമ്പ് പറയാൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: മറുപടിയിൽ സർപ്ലസ് ആയ ആളുകളെ മറ്റു ഡിപ്പാർട്ടുമെൻറുകളിലേയ്ക്ക് അയച്ചിട്ടുണ്ടെന്നു പറഞ്ഞു. സംസ്ഥാന വ്യാപകമായി റീ സർവെ നടത്താൻ ഈ സർപ്ലസ് സ്റ്റാഫിനെ ഉപയോഗിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: എവിടെയൊക്കെയാണ് ഫലപ്രദമായി ഈ ജീവനക്കാരെ ഉപയോഗിക്കാൻ സാധിക്കുന്നതെന്നുള്ളതിനെസംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ വിലയേറിയ നിർദ്ദേശവും പരിഗണിക്കുന്നതായിരിക്കും.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കൂടുതൽ ജനസംഖ്യയുള്ളതും ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ വില്ലേജാഫീസുകളിൽ ദുർബലവിഭാഗങ്ങൾക്ക് തക്കസമയത്തു വരുമാനസർട്ടിഫിക്കറ്റ് കൊടുക്കാൻ ബുദ്ധിമുട്ടുവരുന്നുണ്ടെന്നുള്ളതു പരിഗണിച്ച് അത്തരം വില്ലേജാഫീസുകളിൽ പ്രത്യേക സ്റ്റാഫിനെ നിയമിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബി ജോൺ: ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു, വില്ലേജാഫീസുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഠിച്ച ഒരു റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്, ശുപാർശകളും ഉണ്ട്. ആ ശുപാർശകളും വളരെ വേഗം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

പാസ്പോർട്ട് വെരിഫിക്കേഷനു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർ

*144 [154] ശ്രീ. എം. വി. രാജഗോപാലൻ:
,, ചടയൻ ഗോവിന്ദൻ:
,, എം. കെ. കൃഷ്ണൻ:
,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടറേറ്റുകളിൽ പാസ്പോർട്ട് വെരിഫിക്കേഷൻ സംബന്ധിച്ചുള്ള ജോലികൾക്കായി ആവശ്യത്തിനു ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ഓരോ കളക്ടറേറ്റിലും എത്ര ജീവനക്കാരെ വീതം നിയമിക്കപ്പെട്ടിട്ടുണ്ട്;

(സി) റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിൽ ജീവനക്കാരെ നിയമിക്കാതെ ഒഴിവായി കിടക്കുന്നതിനെറ 1-9-1979-ലെ കണക്ക് മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) തസ്തികകളും ഒഴിവായി കിടക്കുന്നതിനെറ കാരണമെന്ത്?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഉണ്ട്.

(ബി) 1979 ആഗസ്റ്റ് അവസാനംവരെ എല്ലാ കളക്ടറേറ്റുകളിലും കൂടി മേൽപ്പടി ജോലിക്ക് നിയോഗിച്ചിരുന്നതായ ക്ലാർക്കൻമാരുടെ എണ്ണം 47 ആയിരുന്നു, വിശദവിവരം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്†.

†ലൈബ്രറിയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly